(ബി) ആദ്യത്തെ പദ്ധതിയിൽ 89.68 കോടി രൂപയും കേരള ഫോറസ്ട്രി പ്രോജക്ടിൽ 135.52 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) ഇല്ല.

വനം വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ

5 (1555) ശ്രീ. കെ. മുഹമ്മദാലി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ നിന്ന് ഏതെല്ലാം പ്രസിദ്ധീകരണങ്ങൾ പുറപ്പെടുവിക്കുന്നുണ്ട് ;

(ബി) ഇതിനുള്ള ഉത്തരവാദിത്വം ആർക്കെല്ലാമാണ് ;

(സി) ഈ പ്രസിദ്ധീകരണങ്ങൾ ഏത് പ്രസ്സിലാണ് അച്ചടിക്കുന്നത് ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിലേക്ക് ഓരോ വർഷവും എന്തു തുക ചെലവഴിച്ചു ;

(ഇ) ഈ പ്രസിദ്ധീകരണത്തിന്റെ എത്ര കോപ്പികൾ വീതമാണ് അച്ചടിക്കുന്നത് ;

(എഫ്) വനം വകുപ്പിന്റെ പ്രസ്സിലും ഗവൺമെന്റ് പ്രസ്സിലും ഇവ അച്ചടിക്കാറുണ്ടോ ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ ;

(ജി) വനംവകുപ്പിന്റെ പ്രസ്സിൽ എന്തെല്ലാം അച്ചടി ജോലികളാണ് നടത്തുന്നത് ?

ഉത്തരം

(എ) ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ വിഭാഗത്തിൽനിന്നും 'അരണ്യം' ത്രൈമാസിക, കേരളാ ഫോറസ്റ്റ് ന്യൂസ് ലെറ്റർ എന്നീ രണ്ടു പ്രസിദ്ധീകരണങ്ങളും വിവിധ ലഘു ലേഖകളും പുറപ്പെടുവിക്കുന്നുണ്ട്.

(ബി) അരണ്യം പ്രസിദ്ധീകരിക്കുന്നത് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ചീഫ് എഡിറ്റർ ആയിട്ടുള്ള പത്രാധിപ സമിതിയും, ന്യൂസ് ലെറ്ററും ലഘു ലേഖകളും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കു വേണ്ടി ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ ഡയറക്ടറുമാണ് പ്രസിദ്ധീകരിക്കുന്നത്.

(സി) അരണ്യം തിരുവനന്തപുരത്തെ നവകേരളാ പ്രിന്റേഴ്സ് എന്ന പ്രസ്സിലും ന്യൂസ്‌ലറ്റർ വനം വകുപ്പിന്റെ പ്രസ്സിലുമാണ് അച്ചടിക്കുന്നത്. ലഘു ലേഖകൾ പൂർണ്ണമായും സ്വകാര്യ പ്രസ്സിലാണ് അച്ചടിക്കുന്നത്.

(ഡി)

1996- 97	1,88,576 രൂപ
1997- 98	1,67,077 രൂപ
1998- 99	56,378 രൂപ
1999- 2000	1,64,705 രൂപ
2000- 2001	63,168 രൂപ

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അരണ്യം 5,000 കോപ്പികളും, ന്യൂസ് ലറ്റർ 2,000 കോപ്പികളും, ലഘുലേഖകൾ 10,000 കോപ്പി വീതവുമാണ് അച്ചടിക്കുന്നത്.

(എഫ്) സർക്കാർ പ്രസ്സിൽ ഇവ അച്ചടിക്കാറില്ല. ന്യൂസ് ലറ്റർ വനം വകുപ്പിന്റെ പ്രസ്സിലാണ് അച്ചടിക്കുന്നത്. വനം വകുപ്പിന്റെ പ്രസ്സ് മിനി ഓഫ്സെറ്റ് പ്രസ്സ് ആയതിനാൽ ബ്ലാക്ക് ആന്റ് വൈറ്റ് പ്രിന്റിംഗ് മാത്രമേ നടത്തുവാൻ സാധിക്കുകയുള്ളൂ. സാങ്കേതിക ബുദ്ധിമുട്ടുള്ളതിനാൽ അരണ്യം പോലെയുള്ളവ (ഡബിൾ ഡെമ്മി സൈസ്) ഈ പ്രസ്സിൽ അച്ചടിക്കുന്നത് പ്രായോഗികമല്ല. ലഘുലേഖകൾ വിവിധ നിറങ്ങളിൽ ആകർഷകമായി പ്രിന്റ് ചെയ്യേണ്ടതുള്ളതിനാൽ ഇവയും സ്വകാര്യ പ്രസ്സിലാണ് അച്ചടിക്കുന്നത്.

(ജി) വനം വകുപ്പിനാവശ്യമായ ബ്ലാക്ക് ആന്റ് വൈറ്റിലുള്ള ലഘുലേഖകൾ ഹോൾഡറുകൾ, ഫോമുകൾ എന്നിവ.

വന്യമൃഗ സങ്കേതങ്ങളും ദേശീയോദ്യാനങ്ങളും

6 (1556) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള വന്യമൃഗ സങ്കേതങ്ങൾ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ ;

(ബി) പുതുതായി വന്യമൃഗ സങ്കേതങ്ങൾ വികസിപ്പിച്ചെടുക്കാൻ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്തെ ദേശീയോദ്യാനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ഇ) സംസ്ഥാനത്തെ വന്യമൃഗ സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും സംരക്ഷണം, വികസനം, പുനരുദ്ധാരണം എന്നിവയ്ക്കായി എന്തുതുക കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 12 വന്യമൃഗ സങ്കേതങ്ങൾ താഴെപ്പറയുന്നവയാണ്.

1. പെരിയാർ കടുവാ സങ്കേതം
2. വയനാട് വന്യജീവി സങ്കേതം
3. പറമ്പിക്കുളം വന്യജീവി സങ്കേതം
4. നെയ്യാർ വന്യജീവി സങ്കേതം
5. പീച്ചി- വാഴനി വന്യജീവി സങ്കേതം
6. ശെന്തരുണി വന്യജീവിസങ്കേതം
7. ചിന്നാർ വന്യജീവി സങ്കേതം

LIBRARY ARCHIVES Kerala Legislative Assembly